സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 164 2025 ഒക്ടോബർ 04 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണത്തേയും പിന്നിലാക്കി വെള്ളി

കൊച്ചി: സ്വർണത്തെ പിന്നിലാക്കി വിലവർദ്ധനത്തോതിൽ വെള്ളി ഒന്നാം സ്ഥാനത്തെത്തി, നടപ്പുവർഷം ആദ്യ 9 മാസത്തിൽ വെള്ളി വിലയിൽ 61 ശതമാനം വർദ്ധനയാണുണ്ടായത്. സ്വർണ വില ഇക്കാലയളവിൽ 49 ശതമാനം മാത്രമാണ് ഉയർന്നത്. പതിറ്റാണ്ടുകൾക്കിടെ വെള്ളി വിലയിലുണ്ടാകുന്ന ഏറ്റവും മികച്ച കുതിപ്പാണ് ദൃശ്യമാകുന്നത്. വർഷത്തിന്റെ തുടക്കത്തിൽ വെള്ളിയ്ക്ക് രാജ്യാന്തര വിപണിയിൽ ട്രോയ് ഔൺസിന്(31.1 ഗ്രാം) 28.92 ഡോളറായിരുന്നു വില. ഇന്നലെ വില ഔൺസിന് 46 ഡോളറിലെത്തി. കേരളത്തിലെ വില നിലവിൽ കിലോഗ്രാമിന് 1.61 ലക്ഷം രൂപയാണ്. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ പ്രിയമേറിയതോടെയാണ് മൂന്ന് വർഷത്തിനിടെ സ്വർണ വില റെക്കാഡുകൾ പുതുക്കി മുന്നേറിയത്. എന്നാൽ മൂല്യമുള്ള ലോഹമെന്ന പദവിയും വ്യാവസായിക ആവശ്യവുമാണ് വെള്ളി വിലയിൽ കുതിപ്പുണ്ടാക്കുന്നത്. വെള്ളിയുടെ മൊത്തം ഉപഭോഗത്തിൽ 60 ശതമാനവും വ്യാവസായിക മേഖലയിൽ നിന്നാണ്.

അഞ്ച് പുതിയ ദേശീയപാതകൾ കൂടി യാഥാർത്ഥ്യമാകുവാൻ പോകുന്നു: മന്ത്രി റിയാസ്

തിരു : സംസ്ഥാനത്ത് 5 പുതിയ ദേശീയപാതകൾ കൂടി യാഥാർത്ഥ്യമാകാൻ പോകുകയാണെന്ന് മന്ത്രി മുഹമ്മദ് റിയാസ്. മുഖ്യമന്ത്രി പിണറായി വിജയനൊപ്പം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയെ ഡൽഹിയിൽ സന്ദർശിച്ചപ്പോൾത്തന്നെ കൂടുതൽ പാതകൾ ദേശീയപാത നിലവാരത്തിലേക്ക് ഉയർത്തണം എന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിച്ചിരുന്നുവെന്ന് മന്ത്രി വ്യക്തമാക്കി.

ദേശീയപാതയുമായി ബന്ധപ്പെട്ടുള്ള സർക്കാരിന്റെ വിശദമായ നിർദ്ദേശവും സമർപ്പിച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ 5 പുതിയ ദേശീയപാതകളുടെ പദ്ധതി രേഖ തയ്യാറാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതെന്നും അദ്ദേഹം അറിയിച്ചു.

ഒരു സന്തോഷ വാർത്ത പങ്കുവെക്കട്ടെ, സംസ്ഥാനത്ത് അഞ്ചു പുതിയ ദേശീയപാതകൾ കൂടി യാഥാർത്ഥ്യമാകുവാൻ പോവുകയാണ്.

മുഖ്യമന്ത്രിയോടൊപ്പം കേന്ദ്രഉപരിതല ഗതാഗതമന്ത്രിയെ ഡൽഹിയിൽ സന്ദർശിച്ച ഘട്ടത്തിൽ കൂടുതൽ പാതകൾ ദേശീയപാത നിലവാരത്തിലേക്ക് ഉയർത്തണം എന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിച്ചിരുന്നു. അതിനുള്ള വിശദമായ നിർദ്ദേശവും സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ 5 പുതിയ ദേശീയപാതകളുടെ പദ്ധതി രേഖ തയ്യാറാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്.

ദീർഘകാലത്തെ മലബാറിലെ ജനങ്ങളുടെ ആവശ്യമായിരുന്ന രാമനാട്ടുകര – കോഴിക്കോട് എയർപോർട്ട് റോഡ് സംസ്ഥാന സർക്കാരിന്റെ തുടർച്ചയായ ഇടപെടലിന്റെ ഭാഗമായി ദേശീയപാതാ നിലവാരത്തിലേക്ക് ഉയർത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. കൂടാതെ കണ്ണൂർ വിമാനത്താവള റോഡ് (ചൊവ്വ-മട്ടന്നൂർ), കൊടുങ്ങല്ലൂർ-അങ്കമാലി, വൈപ്പിൻ-മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് റോഡ് എന്നിവയും ദേശീയപാതാ നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുവെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതോടൊപ്പം കൊച്ചി-മധുര ദേശീയപാതയിൽ കോതമംഗലം, മൂവാറ്റുപുഴ ബൈപാസ് നിർമാണത്തിനുള്ള പദ്ധതി രേഖയും തയ്യാറാക്കുകയാണ്.

ജനങ്ങളുടെ ദീർഘകാലത്തെ സ്വപ്നമാണ് ഈ പാതകളുടെ വികസനം.

ഇത് യാഥാർഥ്യമാക്കുവാൻ എല്ലാ സഹായവും നൽകിയ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനോടും പൊതുമരാമത്ത് വകുപ്പിന്റെ നന്ദി അറിയിക്കുന്നു.

പേവിഷബാധയേറ്റ് ചികിത്സയിലായിരുന്ന 65കാരി മരിച്ചു

കോട്ടയം: പേവിഷ ബാധയേറ്റ് ചികിത്സയിലായിരുന്ന സ്ത്രീ മരിച്ചു. പത്തനംതിട്ട മണ്ണാറമല സ്വദേശി കൃഷ്ണമ്മ (65) ആണ് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഇന്നലെ രാത്രിയിൽ മരിച്ചത്. കഴിഞ്ഞ മാസമാണ് കൃഷ്ണമ്മക്ക് നായുടെ കടിയേറ്റത്. ഓണത്തിന് പലഹാരങ്ങളുമായി കൊച്ചുമക്കളെ കാണാൻ പോകവെ വീട്ടിന് പുറത്ത് റോഡിലെത്തിയപ്പോഴാണ് നായ ആക്രമിച്ചത്.

കൃഷ്ണമ്മയുടെ മുഖത്താണ് നായുടെ കടിയേറ്റത്. ഇതേ തുടർന്ന് കൃഷ്ണമ്മ വാക്സിൻ എടുത്തിരുന്നു. അവസാന ഡോസ് വാക്സിൻ സ്വീകരിച്ചതിന് പിന്നാലെ കൃഷ്ണമ്മക്ക് പനിയുണ്ടായി. തുടർന്ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

സ്റ്റേറ്റ് ഹെൽത്ത് ലാബിൽ നടത്തിയ പരിശോധനയിൽ കൃഷ്ണമ്മക്ക് പേവിഷബാധയേറ്റതായി സ്ഥിരീകരിച്ചിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫിസർ അറിയിച്ചു.

അടിച്ചു മോനേ! തിരുവോണം ബമ്പർ ഒന്നാം സമ്മാനം TH 577825 നമ്പറിന്

തിരു : 2025ലെ തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പ് ആരംഭിച്ചു. ഒന്നാം സമ്മാനമായ 25 കോടി രൂപ ലഭിച്ചത് TH 577825 എന്ന ടിക്കറ്റിനാണ്. പാലക്കാട് വിറ്റ ടിക്കറ്റിനാണ് ഒന്നാം സമ്മാനം ലഭിച്ചതെന്നാണ് വിവരം. രണ്ടാം സമ്മാനം ഒരു കോടി വീതം 20പേർക്കാണ്.

രണ്ടാം സമ്മാനം ലഭിച്ച ടിക്കറ്റ് നമ്പറുകൾ – TK459300,TD 786709, TC 736078, TL 214600, TC 760274, TL 669675, TG 176733, TH 577825

ഉച്ചയ്ക്ക് ഒരുമണിക്ക് ഗോർഖി ഭവനിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ, ആന്റണി രാജു എംഎൽഎ സാന്നിധ്യത്തിലാണ് നറുക്കെടുപ്പ് ആരംഭിച്ചത്. സെപ്തംബർ 27ന് നടത്താനിരുന്ന നറുക്കെടുപ്പ് സാങ്കേതിക കാരണങ്ങളാലാണ് ഇന്നത്തേക്ക് മാറ്റിയത്. 75 ലക്ഷം ടിക്കറ്റുകളാണ് വിറ്റഴിച്ചത്. പാലക്കാടാണ് ഏറ്റവും കൂടുതൽ വില്പന 14.07 ലക്ഷം. തൃശ്ശൂരിൽ 9.37 ലക്ഷം തിരുവനന്തപുരത്ത് 8.75 ലക്ഷം ടിക്കറ്റുകളും വിറ്റിരുന്നു.

പ്രതിഷേധത്തിനുമുന്നിൽ മുട്ടുമടക്കി പാകിസ്ഥാൻ, 38 ആവശ്യങ്ങളിൽ 25 എണ്ണവും അംഗീകരിച്ചു

ഇസ്ലാമാബാദ്: പാക് അധീനകാശ്മീരിലെ സർക്കാർ വിരുദ്ധപ്രക്ഷോഭം വിജയിച്ചു. സമരക്കാരുമായി അധികൃതർ നടത്തിയ ചർച്ച വിജയത്തിൽ എത്തുകയായിരുന്നു.

സമരക്കാർ ഉന്നയിച്ച 38 ആവശ്യങ്ങളിൽ 25എണ്ണവും അംഗീകരിച്ചതായാണ് റിപ്പോർട്ട്. മറ്റുവഴികൾ ഇല്ലാതെ വന്നതോടെയാണ് ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാർ തയ്യാറായതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

പാക് അധീനകാശ്മീരിലെ (പിഒകെ) 12 നിയമസഭാ സീറ്റുകളിൽ കാശ്മീരി അഭയാർത്ഥികൾക്കുള്ള സംവരണം അവസാനിപ്പിക്കുക, ഗോതമ്പുമാവിന് സബ്സിഡി നൽകുക, സൗജന്യവിദ്യാഭ്യാസം ഉറപ്പാക്കുക, വൈദ്യുതിനിരക്ക് കുറയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവച്ച് കഴിഞ്ഞമാസം 29നായിരുന്നു പ്രക്ഷോഭം തുടങ്ങിയത്.

പ്രക്ഷോഭത്തെ അടിച്ചമർത്താൻ സർക്കാർ എല്ലാ മാർഗങ്ങളും പുറത്തെടുത്തെങ്കിലും പിന്മാറാൻ പ്രതിഷേധക്കാർ തയ്യാറായില്ല. തുടർന്നാണ് ചർച്ചനടത്തി ആവശ്യങ്ങൾ അംഗീകരിച്ചത്. ശേഷിക്കുന്ന ആവശ്യങ്ങളിലും ഉടൻ അനുകൂല തീരുമാനമുണ്ടാകുമെന്നാണ് റിപ്പോർട്ട്.

സ്വർണപ്പാളി കൊണ്ടുപോയത് ഉണ്ണികൃഷ്ണൻ പോറ്റിയല്ല

തിരു: ശബരിമല സ്വർണപ്പാളി വിവാദവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതികരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പിഎസ് പ്രശാന്ത്. കൃത്യമായ മാനദണ്ഡങ്ങളെല്ലാം പാലിച്ചാണ് സ്വർണം ചെന്നൈയിലേക്ക് കൊണ്ടുപോയത്. 40 വർഷത്തെ വാറണ്ടി ഉണ്ണികൃഷ്ണൻ പോറ്റിയുടെ പേരിലായതിനാൽ മാത്രമാണ് അദ്ദേഹത്തെ അവിടെ വിളിച്ച് വരുത്തിയതെന്നും പ്രശാന്ത് പറഞ്ഞു. സമഗ്ര അന്വേഷണം വേണമെന്ന് കോടതിയിൽ ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന് ലഭിച്ച പിന്തുണയാണ് ഇത്തരം ആരോപണങ്ങൾ ഉയർന്നുവരാൻ കാരണം. സ്വർണപ്പാളിയുമായി ബന്ധപ്പെട്ട വിവാദങ്ങളെ പ്രതിപക്ഷവും ബിജെപിയും സുവർണാവസരമായി കാണുകയാണ്. ഇന്നലെ ദേവസ്വം മന്ത്രി വിഎൻ വാസവനുമായി ഞാൻ കൂടിക്കാഴ്ച നടത്തിയിരുന്നു. 1998ലാണ് വിജയ് മല്യ സ്വർണം പൂശുന്നത്. അന്ന് മുതൽ ഞാൻ ദേവസ്വം പ്രസിഡന്റ് ആകുന്നത് വരെയുള്ള കാര്യങ്ങൾ അത് സ്വർണത്തിന്റെയോ അതിന്റെ തൂക്കത്തിന്റെയോ ഇത്തരം അവതാരങ്ങളുടെയോ കാര്യമാകട്ടെ അതിൽ സമഗ്രമായ അന്വേഷണം വേണമെന്നാണ് കോടതിയിൽ ആവശ്യപ്പെടാൻ പോകുന്നത്. തൊട്ടടുത്ത ദിവസം തന്നെ അത് ആവശ്യപ്പെടും.

ഇപ്പോൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്വർണപ്പാളി ചെന്നൈയിലേക്ക് കൊണ്ടുപോയത്. അതിൽ ഒരു പാളിച്ചയും ദേവസ്വം ബോർഡിന് സംഭവിച്ചിട്ടില്ല. തിരുവാഭരണം കമ്മീഷണറുടെ നേതൃത്വത്തിൽ അവിടെയെത്തി ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെയും വിജിലൻസിന്റെയും സാന്നിദ്ധ്യത്തിൽ കൃത്യമായി വീഡിയോ ചിത്രീകരിച്ച് തുടക്കത്തിലും അവസാനവും മഹസർ തയ്യാറാക്കി സുരക്ഷിതമായ വാഹനത്തിൽ പൊലീസ് അകമ്പടിയോടെയാണ് ചെന്നൈയിലേക്ക് കൊണ്ടുപോയത്. തിരുവാഭരണം കമ്മീഷണർ വാഹനത്തിലുണ്ടായിരുന്നു.

സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റിയോട് ചെന്നൈയിൽ വരാനാണ് ഞങ്ങൾ പറഞ്ഞത്. അല്ലാതെ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തുവിട്ടിട്ടില്ല. എല്ലാത്തിനും കൃത്യമായ രേഖകളുണ്ട്. രണ്ട് ദ്വാരപാലകന്മാരുടെയും കൂടെ 14 പാളികളിലായി 38 കിലോഗ്രാം സ്വർണമാണ് തിരുവാഭരണം കമ്മീഷണർ രേഖപ്പെടുത്തിയിരിക്കുന്നത്. 397 ഗ്രാം സ്വർണത്തിന്റെ സാന്നിദ്ധ്യമാണ് ഇതിലുണ്ടായിരുന്നത്. ഇതിൽ 12 പാളികൾ മാത്രമാണ് കൊണ്ടുപോയത്. അതിലുണ്ടായിരുന്ന സ്വർണത്തിന്റെ അംശം 281 ഗ്രാമാണ്. 22 കിലോഗ്രാം തൂക്കം അതിനുണ്ടായിരുന്നു. വെറും പത്ത് ഗ്രാം സ്വർണമാണ് ഇതിന്റെ നവീകരണത്തിനായി ചെന്നൈയിൽ വച്ച് ആവശ്യമായി വന്നത്. പിന്നീട് കോടതിയുടെ ഉത്തരവനുസരിച്ച് ഞങ്ങളിത് തിരിച്ചുകൊണ്ടുവന്നു. ഇപ്പോഴത് 291 ഗ്രാമാണ്. അതിവിടെ ലോക്കറിൽ സൂക്ഷിച്ചിരിക്കുകയാണ്.

സ്വർണവിലയിൽ വീണ്ടും കുതിപ്പ്, സർവകാല റെക്കോഡ്

കൊച്ചി: സംസ്ഥാനത്ത് സ്വർണവില വീണ്ടും ഉയർന്ന് സർവകാല റെക്കോഡിലെത്തി. വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് പവന് 360 രൂപയും ഇന്ന് രാവിലെ 640 രൂപയും വർധിച്ചതോടെ നിലവിലെ വിപണി വില 87,560 രൂപയായി. ഗ്രാമിന് 80 രൂപ ഉയർന്ന് 10,945 ആണ് ഇന്നത്തെ വില. മൂന്ന് ദിവസം മുമ്പ് പവന് 87,440 രൂപയെന്ന റെക്കോഡാണ് ഇന്ന് മറികടന്നത്. വെള്ളിയാഴ്ച രാവിലെ പവന് 480 രൂപ കുറഞ്ഞ ശേഷമാണ് പിന്നീട് വില കുത്തനെ ഉയർന്നത്.

യു.എസിൽ അടിസ്ഥാന പലിശനിരക്ക് കുറയാനുള്ള സാധ്യതകൾ സ്വർണവിലയുടെ മുന്നേറ്റത്തിന് വഴിവച്ചിരുന്നു. കഴിഞ്ഞദിവസം വില രാജ്യാന്തര വിപണിയിൽ ഔൺസിന് 3,897 ഡോളർ എന്ന റെക്കോർഡിലുമെത്തി. വൈകാതെ ലാഭമെടുപ്പിനെ തുടർന്ന് വില താഴ്ന്നെങ്കിലും പിന്നാലെ, യു.എസിൽ ട്രംപ് ഗവൺമെന്റ് ഷട്ട് ഡൗണിലേക്ക് നീങ്ങിയത് സ്വർണവില കൂടാൻ ഇടയാക്കി.

സാമിന് വിദേശവനിതകളുമായി ബന്ധം, ജെസി ചോദ്യം ചെയ്തതോടെ പക കനത്തു; ഒടുവിൽ കൊന്ന് കൊക്കയിൽ തള്ളി

കോട്ടയം: കാണക്കാരിയിൽ 59കാരൻ ഭാര്യയെ കഴുത്തുഞെരിച്ചുകൊന്ന് കൊക്കയിൽ തള്ളിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്തുവിട്ട് പൊലീസ്. പ്രതിയായ സാം കെ ജോർജ് വിദേശവനിതകളുമായി ബന്ധം പുലർത്തിയിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തി. ഇടുക്കി കരിമണ്ണൂർ ചെപ്പുകുളത്ത് ഉപേക്ഷിച്ച നിലയിലാണ് ഇയാളുടെ ഭാര്യ ജെസിയുടെ (50) മൃതദേഹം കണ്ടെത്തിയത്. സംഭവത്തിൽ സാമിനെ നേരത്തെ തന്നെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

അന്യസ്ത്രീകളുമായി സാം ബന്ധംപുലർത്തിയത് ജെസി ചോദ്യം ചെയ്തതാണ് കൊലയിലേക്ക് നയിച്ചതെന്ന് ചോദ്യം ചെയ്യലിൽ തെളിഞ്ഞതായി പൊലീസ് അറിയിച്ചു. കഴിഞ്ഞ മാസം 26നാണ് ജെസി കാണക്കാരി കപ്പടക്കുന്നേൽ വീട്ടിൽ നിന്നും കാണാതായത്. വിദേശത്തുള്ള മക്കൾ ജെസിയുമായി 26ന് ഫോണിൽ സംസാരിച്ചിരുന്നു. എന്നാൽ പിന്നീട് ബന്ധപ്പെടാൻ കഴിയാതെ വന്നു. 29ന് മക്കൾ ജെസിയുടെ സുഹൃത്തുക്കളെ വിവരമറിയിച്ചതിനെ തുടർന്ന് അവർ പൊലീസിൽ പരാതി നൽകുകയായിരുന്നു. പൊലീസ് നടത്തിയ അന്വേഷണത്തിൽ സാമുമായി ബന്ധപ്പെട്ട് ചില സംശയങ്ങൾ തോന്നുകയായിരുന്നു.

ബംഗളൂരുവിലായിരുന്ന സാമിനെ നാട്ടിലെത്തിച്ച് ചോദ്യം ചെയ്തതോടെയാണ് കൊലപാതകവിവരം പുറത്തായത്.സെപ്തംബർ 26ന് ഇയാൾ ജെസിയെ വീട്ടിൽ വച്ച് കഴുത്തുഞെരിച്ച് കൊലപ്പെടുത്തുകയായിരുന്നു. ശേഷം മൃതദേഹം കാറിലാക്കി തൊടുപുഴക്കടുത്ത് ചെപ്പുകുളം കൊക്കയിൽ തള്ളി. ഇയാളുടെ മൊഴി അനുസരിച്ച് പൊലീസ് നടത്തിയ പരിശോധനയിലാണ് 30 അടിയോളം താഴ്ചയുള്ള സ്ഥലത്ത് നിന്ന് മൃതദേഹം കണ്ടെത്തിയത്.

അയ്യപ്പ വിഗ്രഹം അടിച്ചുമാറ്റിയില്ല എന്നതിനാലാണ് സർക്കാരിനോട് നന്ദി പറയാനുള്ളത്: വി ഡി സതീശൻ

തിരു : സ്വർണപ്പാളി വിവാദത്തിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ദുരൂഹത നിറഞ്ഞ കാര്യങ്ങളാണ് നടക്കുന്നതെന്നും സർക്കാരും ദേവസ്വം ബോർഡും മറുപടി പറയണമെന്നും അദ്ദേഹം പറഞ്ഞു. വിജയ് മല്യ നൽകിയ സ്വർണത്തിൽ എത്ര ബാക്കിയുണ്ടെന്നും അദ്ദേഹം ചോദിച്ചു.

ഉണ്ണികൃഷ്ണൻ പോറ്റി ആരാണെന്ന ചോദ്യത്തിന് സർക്കാരിനോ ദേവസ്വം ബോർഡിനോ മറുപടിയില്ല. ദേവസ്വം മന്ത്രി വി എൻ വാസവനും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്തും അടിയന്തരമായി രാജിവയ്ക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

'ഇപ്പോഴത്തെ ദേവസ്വം മന്ത്രിക്കും മുൻ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനും ദേവസ്വം ബോർഡിന്റെ ഇപ്പോഴത്തെയും നേരത്തെയുള്ള പ്രസിഡന്റുമാർക്കുമെതിരെ സിബിഐ അന്വേഷണം വേണം. കാരണം ഇത് സംസ്ഥാനത്ത് പുറത്തുകൊണ്ടുപോയതാണ്. ഇവിടത്തെ പൊലീസിന്റെ പരിധിയിൽ നിൽക്കില്ല. ഇവിടത്തെ പൊലീസുകാരെ ആർക്കും വിശ്വാസവുമില്ല. സിബിഐ അന്വേഷണമില്ലെങ്കിൽ യുഡിഎഫ് അതിശക്തമായ പ്രതിഷേധത്തിലേക്ക് വരും.

സ്വർണത്തിൽ കുറവ് വരുത്തിയിരിക്കുന്നുവെന്നതിന് ദേവസ്വം ബോർഡ് പരിശോധനയിൽ തന്നെ രേഖയുണ്ട്. അത് മൂടിവച്ചെന്നതാണ് പ്രശ്നം. സ്വർണം എവിടെപ്പോയി? ദേവസ്വം ബോർഡിന്റെ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് ഇതിന്റെ ഷെയർ കിട്ടിയിട്ടുണ്ട്. കൂട്ടുകച്ചവടമാണ് നടന്നിരിക്കുന്നത്. എന്തിനാണ് മൂടിവച്ചത്? എന്തുകൊണ്ട് അന്വേഷണം നടത്തിയില്ല? ഇതേ കളവ് നടത്തിയ ആളുകളെ എന്തിന് ക്ഷണിച്ചുവരുത്തി? ഈ മൂന്ന് ചോദ്യങ്ങൾക്കും മറുപടി വേണം. അയ്യപ്പ വിഗ്രഹം അടിച്ചുമാറ്റിയില്ല എന്നതിനാലാണ് സർക്കാരിനോട് ആകെ നന്ദി പറയാനുള്ളത്. കുറച്ച് സമയം കൂടി കിട്ടിയിരുന്നെങ്കിൽ അതും ചെയ്തേനെ.'– വി ഡി സതീശൻ പറഞ്ഞു.

ഗാസ വിഷയത്തിൽ ട്രംപിന്റെ പ്രവർത്തനങ്ങളെ പ്രശംസിച്ച് നരേന്ദ്രമോദി

ന്യൂഡൽഹി: ഗാസയിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഹമാസ് തടവിലാക്കിയ ബന്ദികളെ മോചിപ്പിക്കുമെന്ന സൂചനകൾ പുറത്തുവരുന്നത് സുപ്രധാന ചുവടുവയ്പ്പാണെന്ന് നരേന്ദ്രമോദി പറഞ്ഞു. ഗാസയിലെ സമാധാന ശ്രമങ്ങൾ നിർണായക പുരോഗതി കൈവരിക്കുന്ന സാഹചര്യത്തിൽ, ട്രംപിന്റെ നേതൃത്വത്തെ സ്വാഗതം ചെയ്യുന്നു, സമാധാന ശ്രമങ്ങൾക്ക് ഇന്ത്യ ശക്തമായ പിന്തുണ നൽകുന്നത് തുടരുമെന്നും മോദി പറഞ്ഞു.

ഇസ്രയേൽ – ഹമാസ് യുദ്ധം അവസാനിപ്പിക്കാൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ടുവച്ച സമാധാന പദ്ധതിയിലെ ചില ഉപാധികൾ ഹമാസ് അംഗീകരിച്ചിരുന്നു. ഇസ്രയേലി ബന്ദികളെ വിട്ടയക്കാനും ഗാസയുടെ ഭരണം കൈമാറുന്നതിനുമാണ് ഹമാസ് സമ്മതമറിയിച്ചത്. അതേസമയം, മറ്റ് ഉപാധികളിന്മേൽ കൂടുതൽ ചർച്ച വേണമെന്നും ഹമാസ് അറിയിച്ചിട്ടുണ്ട്. അമേരിക്കൻ സമയം ഞായറാഴ്ച വൈകിട്ട് ആറിനകം സമാധാന പദ്ധതി അംഗീകരിക്കണമെന്ന് ട്രംപ് ഹമാസിന് അന്ത്യശാസനം നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് ഹമാസിന്റെ പ്രതികരണമുണ്ടായത്.

ഹമാസ് ശാശ്വത സമാധാനത്തിന് തയ്യാറാണെന്നാണ് കരുതുന്നതെന്നും ഗാസയിലെ ബോംബാക്രമണം ഇസ്രയേൽ ഉടൻ അവസാനിപ്പിക്കണമെന്നും ട്രംപ് പറഞ്ഞു. എങ്കിൽ മാത്രമേ ബന്ദികളെ വേഗത്തിലും സുരക്ഷിതമായും തിരികെ ലഭിക്കൂ എന്നും ട്രംപ് വ്യക്തമാക്കി.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 112/2025

1) നിഷ അസ്സലാം, 2) ഉമ്മർ
–ഹരജിക്കാർ

അസ്സലാം, S/o. (Late) ചക്കിട്ടയിൽ മൊയ്തുട്ടി, 55 വയസ്, വിദേശത്ത് ഫാർമ്മസിസ്റ്റ്, ചാവക്കാട് താലൂക്ക്, പുന്നയൂർക്കുളം അംശം, ദേശം, പുന്നയൂർക്കുളം പി ഒ., പിൻ–679561
–എതൃകക്ഷി

മേൽ നമ്പർ കേസിൽ ഹരജി ഉത്തരവുപ്രകാരം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും എതൃകക്ഷിയുടെ വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **29–10–2025** തിയ്യതിക്ക് പകൽ 11 മണിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 25–09–2025
ഹരജിഭാഗം അഡ്വക്കേറ്റ്
വി. സി ലത്തീഫ് (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 80/2025

നിഷ അസ്സലാം
–ഹരജിക്കാരി

അസ്സലാം, S/o. (Late) ചക്കിട്ടയിൽ മൊയ്തുട്ടി, 55 വയസ്, വിദേശത്ത് ഫാർമ്മസിസ്റ്റ്, ചാവക്കാട് താലൂക്ക്, പുന്നയൂർക്കുളം അംശം, ദേശം, പുന്നയൂർക്കുളം പി ഒ., പിൻ–679561
–എതൃകക്ഷി

മേൽ നമ്പർ കേസിൽ ഹരജി ഉത്തരവുപ്രകാരം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും എതൃകക്ഷിയുടെ വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **29–10–2025** തിയ്യതിക്ക് പകൽ 11 മണിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 25–09–2025
ഹരജിഭാഗം അഡ്വക്കേറ്റ്
വി. സി ലത്തീഫ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 5642/2015
EP: 2744/2017
EA: 274/2020

പൂരം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ
–ഹരജിക്കാരൻ

മാധവി D/o. മാധവൻ, കോലോത്തുപറമ്പിൽ ഹൗസ്, പുങ്കുന്നം, തൃശൂർ–2
–4–ാം എതൃകക്ഷി

മേൽനമ്പറിൽ EA: 274/2020 –ാം നമ്പർ ഹരജിയിൽ 4–ാം എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **22–11–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ടി ഹരജിയിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ ഹരജി തീർപ്പാക്കുന്നതുമാണെന്ന് ഇതിനാൽ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഊട്ടു തിരുന്നാൾ കൊടിയേറി

തലോർ: പുതുതായി കൂദാശ ചെയ്ത തലോർ ഉണ്ണിമിഴിഹ ഇടവക നവദേവാലയത്തിലെ സഹമധ്യസ്ഥരായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും വിശുദ്ധ മദർ തെരേസയുടെയും വിശുദ്ധ മറിയം ത്രേസ്യായുടെയും ഒക്ടോബർ 11(ശനി), 12 (ഞായർ) നടക്കേണ്ട സംയുക്ത ഊട്ടു തിരുന്നാൾ അതിരൂപത ചാൻസലർ ഫാ ഡൊമനിക് തലക്കോടൻ കാർമികത്വത്തിൽ കൊടിയേറി. ഇടവക വികാരി ഫാ ജോഷി വെണ്ണാട്ടു പറമ്പിൽ സഹകാർമ്മികനായിരുന്നു. 2009 ൽ ആശ്രമ ദേവാലയത്തിൽ നിന്നും മാറി താൽക്കാലിക കെട്ടിടങ്ങളായിലായാണ് വിശുദ്ധ കുർബാനയും മറ്റു തിരുക്കർമ്മങ്ങളും നടന്നിരുന്നത്. 16 വർഷത്തെ കാത്തിരിപ്പിനൊടുവിൽ പുതുതായി കൂദാശ ചെയ്ത ദേവാലയത്തിൽ നടക്കുന്ന ആദ്യ തിരുന്നാൾ എന്ന പ്രത്യേകത കൂടിയുണ്ട് ഇത്തവണ. വികാരിയോടൊപ്പം സഹവികാരി ഫാ ബ്രിൽവിൻ ഒലക്കേങ്കിൽ, കൈക്കാരന്മാരായ ശ്രീ സണ്ണി കാഞ്ഞാണി, ശ്രീ റീഫിൻ കുന്നത്ത്, ശ്രീ ബാബുദാസ് തരകൻ, ശ്രീ ലിക്സൺ പെരിഞ്ഞേരി, ജനറൽ കൺവീനർ ശ്രീ ജോയ് കൊമ്പൻ തുടങ്ങിയവർ തിരുന്നാൾ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകുന്നു.

എല്ലാ ദിവസവും വൈകുന്നേരം അഞ്ചര മണി മുതൽ ജപമാലയും ലദീഞ്ഞും നൊവേനയും വിശുദ്ധ കുർബാനയും പ്രസുദേന്തി വാഴ്ചയും തുടർന്ന് നേർച്ച ഭക്ഷണവും പുതിയ ഉണ്ണിമിശിഹാ ദേവാലയത്തിൽ ഉണ്ടായിരിക്കും. കൂടാതെ നവനാൾ ദിനങ്ങളിൽ ചിറ്റിശ്ശേരി വഴിയിലുള്ള മുൻ ഇടവകപള്ളിയിൽ രാവിലെ 6 മണിക്ക് വിശുദ്ധ കുർബാന ഉണ്ടായിരിക്കും. ഒക്ടോബർ 11 ശനിയാഴ്ച വൈകുന്നേരം ഒല്ലൂർ ഫൊറോനാ വികാരി ഫാ വർഗീസ് കുത്തൂർ കൂടു തുറക്കൽ ശിശ്രൂഷ നിർവഹിക്കും. ഒക്ടോബർ 12 ഞായറാഴ്ച 9.30 നു തൃശൂർ അതിരൂപത സഹായ മെത്രാൻമാർ ടോണി നീലങ്കാവിൽ ആഘോഷമായ തിരുനാൾ പാട്ടുകുർബാന അർപ്പിക്കും തുടർന്ന് ഊട്ടു നേർച്ച ഉണ്ടായിരിക്കും. തിരുന്നാൾ ദിവസം മുഴുവൻ കിരീടവും വളയും സമർപ്പിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. അന്നേദിവസം വൈകുന്നേരം നാലുമണിക്ക് എസ് ഡി വി സഭ ഇന്ത്യൻ ഡെലിഗേറ്റ് ഫാ അലൻ ടോണി അർപ്പിക്കുന്ന വിശുദ്ധകുർബാനയും തുടർന്ന് തിരുന്നാൾ പ്രദിക്ഷിണവും ഉണ്ടായിരിക്കും. പ്രദിക്ഷിണ ശേഷം ഫാൻസി വെടിക്കെട്ടും ഒരുക്കിയിട്ടുണ്ട്. തൃശൂർ അതിരൂപത വികാരി ജനറൽ മോൺസിഞ്ഞോർ ജെയ്സൺ കൂനംപ്ലാക്കൽ, ഇടവകയിൽ നിന്നും വൈദികരായ ഫാ ഗോഡ്വിൻ കിഴക്കൂടൻ, ഫാ പ്രിജോവ്വടക്കേത്തല, മുൻ സഹവികാരിമാരായിരുന്ന ഫാ മനോജ് കീഴൂർ മുട്ടിക്കൽ, ഫാ നിർമ്മൽ അക്കരപറ്റിയേക്കൽ, ഫാ കനേഡിയൻ തണ്ടാശേരി, ഫാ ഗ്രീജോ മുരിങ്ങാത്തേരി എന്നിവർ നവനാൾ കുർബാനകൾക്കു നേതൃത്വം നൽകും.

തൃശൂർ-അയ്യന്തോൾ വയലാ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജി.ശങ്കരപ്പിള്ള ഹാളിൽ പ്രൊഫ.എം.കെ.സാനു അനുസ്മരണം സംഘടിപ്പിച്ചു.സ്നേഹത്തിന്റെ സങ്കീർത്തനമാണ് സാനു മാഷിന്റെ ജീവിതമെന്ന് ഡോ.പി.വി.കൃഷ്ണനായർ പറഞ്ഞു. വ്യക്തിയോടുള്ള, അറിവിനോടുള്ള, മൂല്യങ്ങളോടുള്ള അഗാധമായ സ്നേഹമുള്ള ആളായിരുന്നു അദ്ദേഹം. സ്നേഹത്താൽ പ്രചോദിതവും ജ്ഞാനത്താൽ നിയന്ത്രിതവുമാണ് നല്ല ജീവിതമെന്ന റസ്സലിന്റെ ആദർശവാക്യത്താൽ സ്വാധീനിച്ചിട്ടുള്ളയാളുമായിരുന്നു.

അറിവിന്റെയും ആശങ്ങളുടെയും ചക്രവാളങ്ങൾ കാട്ടിത്തന്ന അധ്യാപകനുമായിരുന്നു സനുമാഷ്. ജീവചരിത്രശാഖയാണ് സാനുമാഷിന്റെ ഏറ്റവും വലിയ സാഹിത്യ സംഭാവനയെന്ന് എം.പി.സുരേന്ദ്രൻ അനുസരിച്ചു.ശ്രീനാരായണ ഗുരുവിനെക്കുറിച്ച്, ചങ്ങമ്പുഴയെക്കുറിച്ച്, ബഷീറിനെക്കുറിച്ചൊക്കെ എഴുതിയ സാനുമാഷ് ജീവചരിത്ര രചനയിൽ ധാർമിക-സാംസ്കാരിക മൂല്യങ്ങൾ പുലർത്തിയിരുന്നു. ടി.എം.എബ്രഹാം, എം.പി.സുരേന്ദ്രൻ, പ്രൊഫ.പി.എൻ.പ്രകാശ്, കെ.ഉണ്ണികൃഷ്ണൻ, ഷീബ അമീർ, വത്സല വാസുദേവൻ പിള്ള, സാനുമാഷിന്റെ കുടുംബാംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

അമല മെഡിക്കൽ കോളേജിൽ 2025 എം.ബി. ബി.എസ്. ബാച്ചിന്റെ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. ഫാ.ആൻറണി മണ്ണുമ്മൽ, ഡോ.ബെറ്റ്സി തോമസ്, ഡോ.രാജേഷ് ആന്റോ, ഡോ.റെന്നീസ് ഡേവിസ്, ഡോ.സോജൻ ജോർജ്ജ്, ഡോ.ലോല ദാസ് എന്നിവർ പ്രസംഗിച്ചു.

ഗാന്ധിജയന്തിയോടനുബന്ധിച്ച് പുതൂർക്കര ദേശീയവായനശാല സുവർണ്ണജൂബിലി ഹാളിൽ നടന്ന തങ്കമണി രാജേന്ദ്രന്റെ ലഹരിവിരുദ്ധ ചിത്രദർശനത്തിൽ നിന്ന്

കാട്ടൂർ ലക്ഷ്മി കൊലക്കേസ്, പ്രതികളെ കുറ്റക്കാരെന്ന് കണ്ടെത്തി, ശിക്ഷാ വിധി ഒക്ടോ.7 ന്

ഇരിങ്ങാലക്കുട : കാട്ടൂർ പോലീസ് സ്റ്റേഷനിൽ ഗുണ്ടാ ലിസ്റ്റിലുള്ള കാട്ടൂർകടവ് നന്താനത്തുപറമ്പിൽ ഹരീഷിന്റെ ഭാര്യ ലക്ഷ്മി (43 വയസ്സ്) യാണ് 2021 ഫെബ്രുവരി 14-ന് രാത്രി പത്തരയോടെ വീടിന് മുന്നിൽ ഗുണ്ടാസംഘത്തിന്റെ വെട്ടേറ്റു മരിച്ചത്. കാട്ടൂർകടവിലെ വാടകക്ക് താമസിക്കുന്ന വീടിനു മുൻവശം റോഡിൽ വെച്ച് തോട്ടയെറിഞ്ഞ് വീഴ്ത്തിയാണ് ലക്ഷ്മിയെ വാളു കൊണ്ട് വെട്ടികൊലപ്പെടുത്തിയത്. ഈ സംഭവത്തിന് കാട്ടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളായ കൊലപാതകം, കവർച്ച, അടിപിടി അടക്കം നിരവധി കേസുകളിൽ പ്രതികളായ ഗുണ്ടാ സംഘാഗങ്ങളായ നാലു പേരെയാണ് ഇരിങ്ങാലക്കുട അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി വിനോദ്കുമാർ എൻ കുറ്റക്കാരെന്ന് കണ്ടെത്തിയത്.

ഗുണ്ടാ സംഘാംഗങ്ങളായ കാട്ടൂർ വില്ലേജ് കാട്ടൂർ കടവ് ദേശത്ത് നന്തിലത്തു പറമ്പിൽ വീട്ടിൽ ദർശൻ കുമാർ (35), കാട്ടൂർ വില്ലേജ് കരാഞ്ചിറ ദേശത്ത് ചെമ്പാപ്പുള്ളി നിഖിൽ ദാസ് (35), പുല്ലഴി വില്ലേജ് ഒളരി ദേശത്ത് നങ്ങേലി വീട്ടിൽ ശരത്ത് (36), ചൊവ്വൂർ വില്ലേജ് പാറക്കോവിൽ ദേശത്ത് കള്ളിയത്ത് വീട്ടിൽ രാകേഷ് (32), എന്നിവരെയാണ് കുറ്റക്കാരണെന്ന് കണ്ടെത്തിയത്.

ദർശൻകുമാർ കാട്ടൂർ പോലീസ് സ്റ്റേഷനിലെ ഗുണ്ടാ ലിസ്റ്റിൽ പേരുള്ളയാളും കാട്ടൂർ, അന്തിക്കാട്, വലപ്പാട്. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ പരിധികളാലായി 7കവർച്ചക്കേസുകളിലും, 2 വധശ്രമക്കേസുകളിലും, സ്ത്രീയെ ആക്രമിച്ച് പരിക്കേൽപ്പിച്ച് മാനഹാനി വരുത്തിയ ഒരു കേസ്സിലും, മയക്കു മരുന്ന് വിൽപ്പനക്കായി കൈവശം സൂക്ഷിച്ച ഒരു കേസിലും, 3അടിപിടിക്കേസുകളിലും അടക്കം 15 ക്രമിനൽക്കേസുകളിലെ പ്രതിയാണ്.

രാകേഷ് ചേർപ്പ് പോലീസ് സ്റ്റേഷൻ പരിധിയിലെ റൗഡി ലിസ്റ്റിൽ പേരുള്ളയാളും 2020 സെപ്റ്റംബർ 9 ന് പഠക്കോവിൽ വെച്ച് യുവാവിനെ കുത്തിക്കൊലപ്പെടുത്തിയ കേസിലും, ചേർപ്പ് കാട്ടൂർ പോലീസ് സ്റ്റേഷൻ പരിധികളിലായി കവർച്ച, വധശ്രമം, അടിപിടി എന്നിങ്ങനെയുള്ള ആകെ ഏഴ് ക്രിമിനൽക്കേസുകളിലെ പ്രതിയാണ്.

ഇൻസ്പെക്ടർമാരായ വി. വി. അനിൽകുമാർ, അനീഷ് കരീം, ടി.വി. ഷിബു, സി.ബി. അരുൺ, പി. ജ്യോതീന്ദ്രകുമാർ, എസ്.ഐ.മാരായ ആർ. രാജേഷ്, കെ.സുഫൈൽ, ജസ്റ്റിൻ, രഞ്ജിത്ത്, ജിനുമോൻ തച്ചേത്ത്, എ.എസ്.ഐ. പി. ജയകൃഷ്ണൻ, സീനിയർ സി.പി.ഒ.മാരായ പ്രസാദ്, ഇ.എസ്. ജീവൻ, കെ.എസ്. ഉമേഷ്, കെ. വി. ഫെബിൻ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്. ഇൻസ്പെക്ടർ വി.വി. അനിൽകുമാർ ആണ് കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്.

പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 59 സാക്ഷികളെ വിസ്തരിക്കുകയും 39 തൊണ്ടി മുതലുകളും 176 രേഖകളും മാർക്ക് ചെയ്യുകയും ചെയ്തു. പ്രതി ഭാഗത്തു നിന്നും 3 സാക്ഷികളെ വിസ്തരിക്കുകയും 5 രേഖകൾ മാർക്ക് ചെയ്യുകയും ചെയ്തു. പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ അഡ്വക്കേറ്റ് ജോജി ജോർജ്, മുൻ പ്രോസിക്യൂട്ടർ ആയിരുന്ന അഡ്വ. പി ജെ ജോബി, അഡ്വക്കേറ്റ് എബിൽ ഗോപുരൻ, അഡ്വക്കേറ്റ് പി എസ് സൗമ്യ എന്നിവർ ഹാജരായി. ലെയ്സൺ ഓഫീസർ CPO വിനീഷ് കെ വി പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

അഡ്വ. എഡ്വിന ബെന്നിയെ കർമ്മശ്രേഷ്ഠ പുരസ്കാരം നൽകി ആദരിച്ചു

തൃശൂർ: കർമ്മശേഷിയിലൂടെ മാതൃകയായ അഡ്വ.എഡ്വിന ബെന്നിക്ക് കർമ്മ ശ്രേഷ്ഠ പുരസ്കാരം നൽകി ആദരിച്ചു. തൃശൂർ കേരള പ്ലാന്റ്സ് കൂട്ടായ്മ തൃശൂർ പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച ഹരിത കൊയ്ത്ത് ആദരണീയം ചടങ്ങിൽ വെച്ചാണ് തൃശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം. എൽ. റോസിയും കോർപ്പറേഷൻ കൗൺസിലർ റെജി ജോയ് ചാക്കോളയും ചേർന്ന് അഡ്വ. എഡ്വിനയെ പുരസ്കാരം നൽകി ആദരിച്ചത്. എൽ എ ഡി സി എസ് അഭിഭാഷകയായ എഡ്വിനയുടെ നിയമ പോരാട്ടത്തിന്റെ ഫലമായാണ് ഇന്ത്യയിലെ മുഴുവൻ എൽ എ ഡി സി എസ് അഭിഭാഷകർക്കും പ്രസവാനുകൂല്യം നൽകുവാൻ നാഷണൽ ലീഗൽ സർവ്വീസസ് അഥോറിറ്റി - നാൽസ- ഉത്തരവിട്ടത്. പ്രസവാനുകൂല്യം നിഷേധിക്കപ്പെട്ടപ്പോൾ എഡ്വിന ഇത് സംബന്ധമായി കേരള ഹൈകോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയായിരുന്നു. എഡ്വിന ബെന്നി മികച്ച പ്രഭാഷകയും അവതാരകയും യൂട്യൂബറുമാകുന്നു. തൃശൂർ ഗവണ്മെന്റ് ലോ കോളേജിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ എഡ്വിന കാലിക്കറ്റ് യൂണിവേഴ്സിറ്റി എൽ എൽ ബി റാങ്ക് ഹോൾഡറുമാണ്. ചടങ്ങിന്റെ ഉദ്ഘാടനം വടക്കാഞ്ചേരി നഗരസഭാ ചെയർമാൻ പി.എൻ.സുരേന്ദ്രൻ നിർവ്വഹിച്ചു. ബി.എൻ.നാഗരാജ്, സുരേഷ് എടപ്പാൾ, സുധീർ ബാബു പട്ടാമ്പി, ബിജു ആട്ടോർ എന്നിവർ പ്രസംഗിച്ചു.

ബി.ജെ.പി.വക്താവിനെ പിരിച്ചുവിടണം : ഗാന്ധി ദർശൻ വേദി

ഇരിങ്ങാലക്കുട: ഇന്ത്യയുടെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ ചാനൽ ചർച്ചയിൽ വധ ഭീഷണി മുഴക്കിയ ബി.ജെ. പി.യുടെ മേഖലാ സെക്രട്ടറി പ്രിന്റുവിനെ അധ്യാപകവൃത്തിയിൽ നിന്ന് പിരിച്ച് വിടണമെന്ന് ഗാന്ധി ദർശൻ വേദി ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു

കുട്ടികൾക്ക് മാതൃകയായി അവരെ നേർവഴിക്ക് നയിക്കേണ്ട അധ്യാപകൻ വെറുപ്പും, ഹിംസയും, വിഭാഗീയതയുടെയുമൊക്കെ പ്രചാരകനായ് മാറുന്നത് അധാർമ്മികവും അധ്യാപക സമൂഹത്തിന് നാണക്കേടുമാണ്.

ഗോഡ്സെയുടെ പ്രേതബാധയേറ്റ ഇദ്ദേഹത്തിനെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് ഗാന്ധിദർശൻ വേദി ജില്ലാ വൈസ് ചെയർമാൻ പി.കെ.ജിനൻ ആവശ്യപ്പെട്ടു. നിയോജക മണ്ഡലം പ്രസിഡണ്ട് യു. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി സനൽകുമാർ, എ.സി. സുരേഷ്., ടി.ജി. പവിത്രൻ. ഷാക്കത്താലി എന്നിവർ സംസാരിച്ചു.

മന്നം സോഷ്യൽ സർവ്വീസ് സൊസൈറ്റി വാർഷികം

മുകുന്ദപുരം: താലൂക്ക് മന്നം സോഷ്യൽ സർവ്വീസ് സൊസൈറ്റി വാർഷികം നടന്നു. പ്രസിഡന്റ് അഡ്വ. ഡി.ശങ്കരൻകുട്ടി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി എസ്. കൃഷ്ണകുമാർ ബഡ്ജറ്റ് അവതരിപ്പിച്ചു.

റിപ്പോർട്ടും കണക്കും ട്രഷറർ സി.വിജയൻ വായിച്ചു. വൈ പ്രസിഡന്റ് പി.ആർ അജിത്കുമാർ സ്വാഗതവും എം.എസ് എസ് കോ-ഓഡിനേറ്റർ സുനിൽ കെ മേനോൻ നന്ദിയും പറഞ്ഞു ടഷറർ സി.വിജയൻ കമ്മിറ്റി അംഗങ്ങളായ എൻ ഗോവിന്ദൻകുട്ടി, നന്ദൻ പറമ്പത്ത് രവീന്ദ്രൻ സി , ആർ ബാലകൃഷ്ണൻ അംബിക കൃഷ്ണൻകുട്ടി. വിജി അപ്പു, അമ്പിളി എന്നിവർ പ്രസംഗിച്ചു

വെൽഫെയർ പാർട്ടി പ്രതിഷേധം സംഘടിപ്പിച്ചു

തൃശൂർ: ഫ്ളോട്ടിലെ പോരാളികളുടെ അറസ്റ്റ് വെൽഫെയർ പാർട്ടി പ്രതിഷേധം സംഘടിപ്പിച്ചു. ഗസ്സയിലേക്ക് സഹായവുമായി പുറപ്പെട്ട സുമുദ് ഫ്ളോട്ടില പോരാളികളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് വെൽഫെയർ പാർട്ടി ജില്ല കമ്മിറ്റിയുടെ അഭിമുഖ്യത്തിൽ തൃശൂർ നഗരത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു.

ജില്ലാ ഓഫിസ് പരിസരത്ത് നിന്നും ആരംഭിച്ച പന്തം കൊളുത്തി പ്രകടനം തൃശൂർ കോർപ്പറേഷന് മുൻവശം സമാപിച്ചു. വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് അഡ്വ. കെഎസ് നിസാർ ഉദ്ഘാടനം നടത്തി. പാർട്ടി സംസ്ഥാന കമ്മിറ്റി അംഗം എംകെ അസലം, ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് കെ തറയിൽ, പാർട്ടി തൃശൂർ മണ്ഡലം പ്രസിഡന്റ് റഫീഖ് പി. എച്ച് എന്നിവർ സംസാരിച്ചു. ജില്ലാ ജനറൽ സെക്രട്ടറി ഉമൈറ കെ. എസ് അദ്ധ്യക്ഷത വഹിച്ചു.

നിര്യാതനായി

മുഹമ്മദ്

പാടൂർ: പരേതനായ തച്ചറക്കൽ സേമു മാസ്റ്റർ മകൻ മുഹമ്മദ് (75) നിര്യാതനായി. ഭാര്യ: ഫാത്തിമ. മക്കൾ. ഡോക്ടർ സൈന മുഹമ്മദ്, ഡോക്ടർ സുനിൽ ഫഹദ്, ഡോക്ടർ ഷിയാസ് മുഹമ്മദ്, ഡോക്ടർ നിയാസ് ഫഹദ്. മരുമക്കൾ: മുഹമ്മദ് നിഷാദ് (എഞ്ചിനീയർ ഖത്തർ), ഡോക്ടർ ആമിന,ഡോക്ടർ അഷിദ, ഡോക്ടർ ഹിസാന. ഖബറടക്കം ഇന്ന് കാലത്ത് 10ന് പാടൂർ ജമാഅത്ത് പള്ളി ഖബറിസ്ഥാനിൽ നടന്നു,

ജോയ് ടി കുരിയൻ

കോലഴി:പൂവണി ആലുക്കൽ ഗാർഡനിൽ തരകൻ കുരിയൻ മകൻ ജോയ് ടി കുരിയൻ(59) അന്തരിച്ചു. സംസ്കാരകർമ്മം നാളെ (ഞായർ) ഉച്ച തിരിഞ്ഞ് 4ന് വിയ്യൂർ നിത്യസഹായ മാത പള്ളിയിൽ. ഭാര്യ ഷൈമി, ചുങ്കത്ത് പാറേക്കാട്ടിൽ കുടുംബാംഗം. മക്കൾ മരിയ ഷൈമ (ജർമ്മനി). ആൽബർട്ടോ ജോയ് കുരിയൻ (മോൾഡോവ)

മണപ്പുറം ഫൗണ്ടേഷന്റെ 'ഡിജിറ്റൽ ഡിമെൻഷ്യ ബോധവൽക്കരണ പരിപാടിക്ക് ബെംഗളൂരുവിൽ തുടക്കം

കൊച്ചി: മണപ്പുറം ഫിനാൻസ് കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയുടെ ഭാഗമായി മണപ്പുറം ഫൗണ്ടേഷൻ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ഡിജിറ്റൽ ഡിമെൻഷ്യ ബോധവൽക്കരണ പരിപാടിക്ക് ഐടി തലസ്ഥാനമായ ബെംഗളൂരുവിൽ തുടക്കമായി. സാങ്കേതികവിദ്യാ വികാസത്തിന് വൈജ്ഞാനികതലത്തിൽ നൽകേണ്ടി വരുന്ന വിലയായ ഡിജിറ്റൽ ഡിമെൻഷ്യയെ അറിയുകയും അഭിസംബോധന ചെയ്യുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംഘടിപ്പിച്ച സെമിനാർ കർണാടക സംസ്ഥാന ബയോ എനർജി ഡെവലപ്മെന്റ് ബോർഡ് ചെയർമാൻ എസ്. ഇ. സുധീന്ദ്ര ഉദ്ഘാടനം ചെയ്തു. കർണാടക മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഡോ. കെ. വൈഷ്ണവി വിശിഷ്ടാതിഥിയായി. മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി. നന്ദകുമാറുമായി ആശയവിനിമയ ചർച്ചയും ചടങ്ങിൽ നടന്നു.

ഇത്തരം പരിപാടികൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് എസ്.ഇ. സുധീന്ദ്ര പറഞ്ഞു. അർത്ഥവത്തായ വിഷയങ്ങൾ ഏറ്റെടുത്ത് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിന് മണപ്പുറം ഫിനാൻസിന് കർണാടക സർക്കാരിന്റെ പൂർണ്ണ പിന്തുണ അദ്ദേഹം ഉറപ്പുനൽകി. സ്കൂൾ പാഠ്യപദ്ധതിയിൽ ഡിജിറ്റൽ ഡിമെൻഷ്യ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് സംസ്ഥാന സർക്കാരിനുവേണ്ടി സംസാരിച്ച ഡോ. വൈഷ്ണവി വ്യക്തമാക്കി. ഇത്തരമൊരു സാർഥകമായ ചർച്ച സംഘടിപ്പിച്ചതിന് മണപ്പുറത്തെ അവർ അഭിനന്ദിച്ചു.

സാങ്കേതിക വിദ്യയുടെ വളർച്ച വ്യക്തികളുടെയും സമൂഹത്തിന്റെയും ശീലങ്ങളിലുണ്ടാക്കുന്ന മാറ്റങ്ങൾ വളരെ വലുതാണെന്നും ഇതിനെ അഭിമുഖീകരിക്കാൻ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണെന്നും വി.പി. നന്ദകുമാർ ചൂണ്ടിക്കാട്ടി. 'ഡിജിറ്റൽ യുഗം നമ്മുടെ ചിന്താഗതികളെയും ആശയവിനിമയങ്ങളെയും പെരുമാറ്റരീതികളെയും പരിവർത്തനം ചെയ്യുകയും പുനർനിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യകൾ, പ്രത്യേകിച്ച് സോഷ്യൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), മൊബൈൽ കമ്പ്യൂട്ടിംഗ് എന്നിവ, വ്യക്തികളുടെ പെരുമാറ്റ രീതികളെ സ്വാധീനിക്കുന്നതിൽ മുൻപന്തിയിലാണ്. ഈ ഉപകരണങ്ങൾ നമ്മുടെ വ്യക്തിബന്ധങ്ങളെയും ലോകവുമായുള്ള ഇടപെടലുകളെയും മാത്രമല്ല, നമ്മുടെ സാമൂഹിക മാനദണ്ഡങ്ങളെയും സംസ്കാരത്തെയും വ്യക്തിത്വത്തെയും മാനസികാരോഗ്യത്തെയും പോലും പുനർനിർവചിക്കുന്നു.' - അദ്ദേഹം ചൂണ്ടിക്കാട്ടി.

ബെംഗളൂരുവിലെ നിംഹാൻസിലെ ക്ലിനിക്കൽ സൈക്കോളജി പ്രൊഫസറും ഇന്ത്യയുടെ ഡീഅഡിക്ഷൻ ടെക് സംരംഭമായ ഷട്ട് ക്ലിനിക്കിന്റെ തുടക്കക്കാരനുമായ ഡോ. മനോജ് കുമാർ ശർമ്മ മുഖ്യ പ്രഭാഷണം നടത്തി. 'ആധുനിക സാങ്കേതികവിദ്യ മുമ്പെന്നത്തേക്കാളും വ്യക്തികളെ പരസ്പരം ബന്ധിപ്പിക്കാൻ പ്രാപ്തരാക്കിയിട്ടുണ്ടെങ്കിലും അതിന് ദോഷകരമായ മറുവശവുണ്ട്. സോഷ്യൽ മീഡിയ, മൊബൈൽ ഉപകരണങ്ങൾ, ചിലതരം സാങ്കേതികവിദ്യകൾ എന്നിവയുടെ അമിതമായ ഉപയോഗം വിപരീത ഫലങ്ങളിലേക്ക് നയിച്ചേക്കാം. അതിനാൽ, സാങ്കേതിക വിദ്യയുടെ മാനസികവും ശാരീരികവുമായ പ്രത്യാഘാതങ്ങളും കൂടുതൽ ഗുണപരമായ ശീലങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും മനസ്സിലുറപ്പിക്കേണ്ടത് പ്രധാനമാണ്.'-അദ്ദേഹം പറഞ്ഞു.

മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ കോ-പ്രൊമോട്ടർ സുഷമ നന്ദകുമാർ, ജനറൽ മാനേജരും ചീഫ് പിആർഒയുമായ സനോജ് ഹെർബർട്ട്, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ മേധാവി രാഹുൽ വിനായക് വാഡ്കെ തുടങ്ങിയവർ പങ്കെടുത്തു. സീനിയർ പിആർഒ കെ.എം. അഷറഫ് സ്വാഗതവും മണപ്പുറം ഫൗണ്ടേഷന്റെ സിഇഒ ജോർജ്ജ് ഡി ദാസ് നന്ദിയും പറഞ്ഞു.

ലോകവയോജനദിനം ഹൗസ് ഓഫ് പ്രൊവിഡൻസിനൊപ്പം ആഘോഷിച്ച് എൻ എസ് എസ് വളന്റിയർമാർ

ഇരിങ്ങാലക്കുട :ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ എൻ എസ് എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ലോകവയോജനത്തോടനുബന്ധിച്ച് 'തിരികെ' എന്ന പരിപാടി സംഘടിപ്പിച്ചു.വിദ്യാർത്ഥികളിലെ സാമൂഹിക പ്രതിബദ്ധതയും വയോജനക്ഷേമവും ലക്ഷ്യം വെച്ചാണ് പരിപാടി ഒരുക്കിയത്. പരിപാടിയുടെ ഭാഗമായി എൻ എസ് എസ് വളന്റിയർമാർ ഇരിങ്ങാലക്കുട ഹൗസ് ഓഫ് പ്രൊവിഡൻസ് സന്ദർശിച്ചു. അവിടത്തെ അന്തേവാസികളോടൊപ്പം ആടിയും പാടിയും കളികളിൽ ഏർപ്പെട്ടും മനോഹരമായ ഒരു ദിനം അവർക്ക് പ്രദാനം ചെയ്യാനുള്ള ശ്രമമാണ് വളന്റിയർമാർ നടത്തിയത്.ഹൗസ് ഓഫ് പ്രൊവിഡൻസിന്റെ മാനേജറായ ബ്രദർ.ഗിൽബർട്ട് ഇടശ്ശേരി സ്വാഗതം ആശംസിച്ചു.സെന്റ് തോമസ് കത്തീഡ്രൽ വികാരി ഫാദർ ലാസർ കുറ്റിക്കാടൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.ജില്ല സാമൂഹിക നീതിവകുപ്പ് ഉദ്യോഗസ്ഥയായ ശ്രീമതി ദിവ്യ അബീഷ് വയോജന സന്ദേശം നൽകി.എൻ എസ് എസ്പ്രോഗ്രാം ഓഫീസർ ശ്രീമതി വീണ സാനി, പ്രൊവിഡൻസ് ഫ്രട്ടേണിറ്റി മെമ്പർ ഡേവിസ് കരുമാലിക്കൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.എൻ എസ്എസ്വളന്റിയർ കുമാരി.ആർദ്ര നന്ദി രേഖപ്പെടുത്തി.എൻ എസ്എസ്പ്രോഗ്രാം ഓഫീസർമാരായ മിസ്സ് വീണ സാനി, ഡോ. ഉർസുല എൻ,മിസ്സ് മഞ്ജു ഡി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

കോടതി പരസ്